അമ്പലവയൽ
17-02-2012

ബഹുമാനപ്പെട്ട വയനാട് ജില്ലാകലക്ടർ അവർകളുടെ അടിയന്തിര ശ്രദ്ധയ്ക്കും സത്വര നടപടിയ്ക്കും വേണ്ടി ബി.ജെ.പി അമ്പലവയൽ പഞ്ചായത്ത് കമ്മറ്റി സമർപ്പിക്കുന്ന നിവേദനം.

സർ,

മേപ്പാടി മൂപ്പൈനാട് പഞ്ചായത്തിൽ കോളേരി എസ്റ്റേറ്റിന്റെ ഭാഗമായിരുന്ന സ്ഥലത്തും കാരാപ്പുഴ റിസർവോയറിന്റെ സമീപപ്രദേശത്തും നിർമ്മാണം ആരംഭിക്കുന്ന മിംസ് മെഡിക്കൽ കോളേജ് കാരാപ്പുഴപദ്ധതിയിലെ ശുദ്ധജലം മലീമസമാക്കും. പദ്ധതിയുടെ പോഷക നദികളിൽ പ്രധാനപെട്ട 2 എണ്ണം നിർദ്ധിഷ്ഠകോളേജിന്റെ പരിസരത്ത് കൂടി ഒഴുകിയാണ് റിസർവോയറിൽ എത്തുന്നത്. വേണ്ടത്ര പരിസ്ഥിതിസംബന്ധമായ പഠനമോ സർവ്വേയോ കൂടാതെയാണ് കോളേജിന് അനുമതി നൽകിയുട്ടുള്ളത്. ആയിരകണക്കിന് കർഷകരെ കുടിയിറക്കിയിട്ടാണ് 5000ൽപരം ഏക്കർ കൃഷിഭൂമി പദ്ധതിയ്ക്കായി സർക്കാർ അക്വയർ ചെയ്തിട്ടാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. നിർദ്ധിഷ്ഠ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന കോളേരി എസ്റ്റേറ്റിന്റെ ഒരു ഭാഗം കാരാപ്പുഴ പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്. ഈ വിഷയം പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഊർജ്ജിത നെല്ലുത്പാദനം ലക്ഷ്യംവച്ച് വയനാട്ടിലെ വിവിധ വില്ലേജുകളിൽ 15000 ത്തിലധീകം ഏക്കർ സ്ഥലത്ത് അധിക നെല്ലുത്പാദനമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഇന്ന് ഈ പ്രൊജക്ട് വയനാട്ടിലെ ഏറ്റവും വലിയ ശുദ്ധജല സ്രോതസ്സാണ്.. ഈ കൂറ്റൻ ജലസ്രോതസ്സിനെ പൂർണ്ണമായും മലിനീകരിക്കാൻ ശേഷിയുള്ള ഈ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് അവിടെ നിന്നും കുടിയിറക്കിയ കർഷകരോടും പ്രദേശത്തു തന്നെ താമസ്സക്കാരായ ജനവിഭാഗത്തോടും കാണിക്കുന്ന കൊടിയ വഞ്ചനയാണ്.

ഈ റിസർവോയറിന് ഇന്നത്തെ മൂല്യവില കണക്കാക്കിയാൽ ഏതാണ്ട് ഇരുപത്തിഅയ്യായിരം കോടിയിലധികം രൂപ വിലവരും നിജസ്ഥിതി അതായിരിക്കെ വെറും 250 കോടി രൂപ ചിലവഴിച്ച് സ്ഥാപിക്കുന്ന ഒരു സൊകാര്യ മെഡിൽ കോളേജിന് വേണ്ടി വയനാട്ടിലെ ജനങ്ങളെ തീരാദുരിതത്തിലാഴ്ത്തണമൊ എന്നതാണ് പ്രസക്തമായ ചോദ്യം. അമ്പലവയൽ,കൃഷ്ണഗിരി,പുറക്കാടി എന്നീ വില്ലേജുകളിലെ രൂക്ഷമായ കുടിവെള്ള പ്രശനം പരിഹരിക്കുന്നതിന് വേണ്ടി കോടിക്കണക്കിന് രൂപയുടെ കുടിവെള്ള പദ്ധതിയാണ് ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അതിന് ആവശ്യമായ ശുദ്ധജലം കാരാപ്പുഴ റിസർവോയറിൽ നിന്നുമാണ് ശേഖരിക്കുന്നത്.

ഇതിനു പുറമെ വയനാടിന്റെ ഭരണ സിരാകേന്ദ്രമായ കൽപ്പറ്റ മുൻസിപ്പാലിയിറ്റിയിലേക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ വമ്പിച്ച പ്രൊജക്ട് ആരംഭിക്കുവാൻകൂടി പോകുകയാണ്. അഭൂതപൂർവ്വമായ മത്സ്യ കൃഷികൊണ്ടും വിനോദ സഞ്ചാരം കൊണ്ടും വയനാടിന് വമ്പിച്ച മുതൽ കൂട്ടാണ് ഈ പദ്ധതി. നിജസ്ഥിതി ഇതായിരിക്കെ വയനാടൻ ജനതയുടെ മേൽ ഒരു ആണവായുധം പ്രയോഗിക്കുന്നതിന് തത്തുതുല്യമാണ് ഈ മെഡിക്കൽകോളേജ്.. ഒരു മെഡിക്കൽ കോളേജ് പ്രതിദിനം പ്രവർത്തിക്കണമെങ്കിൽ ലക്ഷകണക്കിന് ലിറ്റർ വെള്ളം ആവശ്യമാണ്. അങ്ങിനെ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന മലിനജലം ശുദ്ധീകരിക്കുന്നതിന് വേണ്ടി എന്തെല്ലാം ആധുനിക സൗകര്യങ്ങൾ ഉണ്ടാക്കിയാലും വയനാടൻ മണ്ണിന്റെ പ്രത്യേക ഘടന അനുസരിച്ച് അത്രതന്നെ മാലിന്യം ഒഴുകി കാരാപ്പുഴ റിസർവോയറിൽ എത്തിച്ചേരും. നിർദിഷ്ട മെഡിക്കൽകോളേജിന് അടുത്തുതന്നയാണ് നല്ലന്നൂർ ഫോറസ്റ്റ് സ്ഥിതി ചെയ്യുന്നത് അതുകൊണ്ട് നിർധിഷ്ഠ മിംസ് മെഡിക്കൽ കോളേജിന് ഈ പ്രദേശത്ത് അനുമതി നൽകരുത് എന്ന് അവശ്യപെട്ട് കേരള സംസ്ഥാന പരിസ്ഥിതി സംബന്ധിച്ച നിയമസഭാ കമ്മറ്റിയ്ക്ക് ഇതിന് മുമ്പ് പരാതി നൽകിയിട്ടുണ്ട്. അതുകൊണ്ട് മിംസ് മെഡിക്കൽ കോളേജ് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണം. മാവൂർ ഗോളിയോർ റയോൺസ് ഉണ്ടാക്കിയിട്ടുള്ള ചാലിയാറിലെ മലിനീകരണം കാരണം അടച്ചുപൂട്ടേണ്ടി വന്നിട്ടുണ്ട് ഇതേ സ്ഥിതിയാണ് മിംസ് മെഡിക്കൽ കോളേജിനെ ഭാവിയിൽ കാത്തിരിക്കുന്നത്. നത്തംകുനി എന്ന പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള കാരപ്പുഴ അപ്റോച്ച്റോഡിൽ നിന്ന് നിരിക്ഷിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യപ്പെടുന്ന വസ്തുതയാണ് നിവേദനത്തിൽ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത് അതുകൊണ്ട് ഇത്രയും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ച് പദ്ധതി പ്രദേശത്തിന്റെ അടുത്തുനിന്നും മിംസ് മെഡിക്കൽ കോളേജ് സൗകര്യ പ്രദമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണം.

ബി.ജെ.പി അമ്പലവയൽ പഞ്ചായത്ത് കമ്മറ്റിക്ക് വേണ്ടി

എൻ.കെ രാമനാഥൻ (പ്രസിഡണ്ട്)

കെ.ആർ ഷിനോജ് (സെക്രട്ടറി)